മായി ഉപയോഗിക്കുവാനായി ഇവ വഹിച്ചുകൊണ്ടുപോകുവാൻ വാഹനങ്ങളും അതോടൊപ്പം പുക പരിശോധന തുടർച്ചയായി നടത്തുവാൻ കർശനമായ നിർദ്ദേശവും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്.

(ബി) 15.2.96-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 48/96/പി.ഡബ്ല്യു. ആന്റ് ടി. യിൽ പുകമലിനീകരണ പരിശോധന കേന്ദ്രങ്ങൾക്ക് ലൈസൻസുകൾ നൽകുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ ഇത്തരം കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം അതാത് ജില്ലാ ആർ.ടി.ഒ.മാരിൽ നിക്ഷിപ്തമാണ്. പെട്രോൾ വാഹനങ്ങളുടെ പുക പരിശോധിക്കുവാൻ ഒരു ഗ്യാസ് അനലൈസറും ഡീസൽ വാഹനങ്ങളുടെ പുക പരിശോധിക്കുവാൻ ഒരു സ്മോക്ക് മീറ്ററും ഓരോ കേന്ദ്രത്തിലും ഉണ്ടായിരിക്കേണ്ടതാണ്. പുകപരിശോധന നടത്തുന്ന ആളിന് എസ്.എസ്.എൽ.സി.യും സാങ്കേതിക വിദ്യാഭ്യാസയോഗ്യതയും ഉണ്ടായിരിക്കണം. കൂടാതെ പരിശോധനാ കേന്ദ്രത്തിന് ആവശ്യമായ പാർക്കിംഗ് സൗകര്യവും ഉണ്ടായിരിക്കേണ്ടതാണ്. പതിനയ്യായിരം വാഹനങ്ങൾക്ക് ഒരു പുക പരിശോധന കേന്ദ്രം എന്ന അനുപാതമാണ് തുടരുന്നത്.

(സി) ഉണ്ട്.

(ഡി) ഇത്തരം ഏജൻസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുവാനും ക്യാൻസൽ ചെയ്യുവാനുമുള്ള നിയമം നിലവിലുണ്ട്.

80 (2640) കായംകുളം കെ.സി.ടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടാർ വ്യവസായ സഹകരണ സംഘമായ കായംകുളത്തെ കെ.സി.ടി. മാനേജ്മെന്റ് സമർപ്പിച്ചിട്ടുള്ള റൂട്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ പ്രശ്നത്തിൽ സ്വീകരിച്ച മേൽനടപടികൾ വ്യക്തമാക്കുമോ;

(സി) മോട്ടോർ സഹകരണ സംഘങ്ങൾക്ക് ദോഷം വരുംവിധം കേന്ദ്രം പാസാക്കിയ മോട്ടോർ വെഹിക്കിൾ നിയമത്തിൽ സംസ്ഥാനത്തെ മോട്ടോർ സഹകരണ സംഘങ്ങൾക്ക് അനുകൂലമായ ഭേദഗതി വരുത്താൻ നടപടി ആയോ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ)&(ബി) അന്വേഷിച്ച് അറിയിക്കുന്നതാണ്.

(സി) നടപടി ഒന്നും ആയിട്ടില്ല. ഈ കാര്യത്തിൽ കേരളത്തിൽ നിയമ ഭേദഗതി വരുത്തുവാൻ പറ്റുമോയെന്ന് പരിശോധിച്ചുവരുകയാണ്.

81 (2641) താൽക്കാലിക ജീവനക്കാരുടെ പുനർനിയമനം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-94 കാലഘട്ടത്തിൽ റോളിൽ ഉണ്ടായിരിക്കുകയും അതിനു ശേഷം പിരിച്ചുവിടുകയും ചെയ്ത എംപ്ലോയ്മെന്റ്വഴി നിയമനം ലഭിച്ച

LIBRARY ARCHIVES Kerala Legislative Assembly